പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5012. 24.07.2015 ന് മറുപടിയ്ക്ക്

**കടുത്തുരുത്തി പെരുവ ഗവ.ഐ.ടി.ഐക്കുള്ള പുതിയ കെട്ടിടം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ.ഐ.ടി.ഐ ക്ക് മുളക്കുളം പഞ്ചായത്തു വക സ്ഥലം 12/6/2015 ലെ ജി.ഒ.(ആർ.ടി) നം:1767/2015/എൽ. എസ്.ജി.ഡി പ്രകാരം അനുവദിച്ചതിനെ ത്തുടർന്ന് ഇവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിന് തൊഴിൽ വകുപ്പ് ഡി. പി. ആർ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം ഡി. പി. ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ; | (എ) പെരുവ ഗവ. ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മുളക്കുളം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്ന സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. എന്നിരുന്നാലും മുളക്കുളം ഐ.ടി.ഐ. പ്രിൻസിപ്പാളിനോട് പരമാവധി 3 കോടി രൂപയിൽ നിജപ്പെടുത്തി അംഗീകൃത ഏജൻസിയിൽ നിന്നും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വാങ്ങി അയച്ചുതരുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായി ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിലവിലുള്ള നം: 1971/സി3/ലേബർ/15 ഫയലിൽ എത്രയും വേഗം തീരുമാനമെടുത്ത് പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ബി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ